# അക്കാദമിക
# മാസ്റ്റർ പ്ലാൻ
# 2025-26

ഗവ. എൽ. പി. എസ് കുരമ്പാല

# ഉള്ളടക്കം


1. ആമുഖം
2. അടിസ്ഥാനവിവരങ്ങൾ
3. ലക്ഷ്യങ്ങൾ
4. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി
5. നിലവിലെ അവസ്ഥ വിശകലനം
6. മികവ് പ്രവർത്തനം
7. പദ്ധതി വിശദാംശങ്ങൾ
   (മേഖല, ഉപമേഖല, ലക്ഷ്യം,
   പ്രവർത്തനങ്ങൾ, കാലം, ചുമതല)
8. പ്രതീക്ഷിത നേട്ടങ്ങൾ
9. മോണിറ്ററിംഗ്
10 ഉപസംഹാരം

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന രീതിയിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് വേണ്ടിയാണ് ഇന്ന് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. വരും വർഷങ്ങളിലും വിദ്യാലയ മികവ് തുടർന്നു കൊണ്ടേ ഇരിക്കാനുള്ള ഒരു രൂപരേഖ കൂടിയാണ് ഇന്ന് മാസ്റ്റർ പ്ലാൻ.

അനുസ്യൂതം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ കാലാനുസൃതമായ മാറ്റങ്ങളോടെ വിദ്യാഭ്യാസത്തെ മുൻനിരയിൽ എത്തിക്കുവാൻ അക്കാദമിക മാസ്റ്റർ പ്ലാൻ ഒരു മുതൽക്കൂട്ടാണ്.

# അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് :- ഗവ. എൽ.പി. സ്കൂൾ കുരമ്പാല

വിലാസം :- കുരമ്പാല, പന്തളം P.O
പത്തനംതിട്ട (ജില്ല)
689501

ഫോൺ :- 04734-250118

സ്കൂൾ കോഡ് :- 38302

വിദ്യാഭ്യാസ ഉപജില്ല : പന്തളം

റവന്യൂ ജില്ല : പത്തനംതിട്ട

വിദ്യാഭ്യാസ ജില്ല : പത്തനംതിട്ട

ബി.ആർ.സി : പന്തളം

മുനിസിപ്പാലിറ്റി : പന്തളം

നിയമസഭാമണ്ഡലം : അടൂർ

ലോകസഭാമണ്ഡലം : പത്തനംതിട്ട

താലൂക്ക് :- അടൂർ

വില്ലേജ് :- കുരമ്പാല

ഇ.മെയിൽ :- glpskurampala@gmail.com

# ലക്ഷ്യങ്ങൾ

* ഓരോ വിദ്യാർത്ഥിയും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക
* എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനും ഉറപ്പുവരുത്തുക
* ഒരു കുട്ടിയെ ഒരു യൂണിറ്റായി - കണക്കാക്കി അറിവ് നിർമ്മാണ ഇടങ്ങളായി വിദ്യാലയ അന്തരീക്ഷത്തെ മാറ്റുക.
* വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഒരുക്കുക.
* കലാപഠനം, പ്രവൃത്തിപരിചയ പഠനം കായികപഠനം എന്നിവക്ക് പ്രത്യേക പ്രവർത്തനങ്ങൾ

* കാർഷിക പ്രവൃത്തികൾ, ജൈവ - വൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രദാനം ചെയ്യുക

* I-T അധിഷ്ഠിതപഠനം എന്ന നിലയിലേക്ക് ക്ലാസ് റൂം പ്രവർത്തനങ്ങൾ ഒരുക്കുക

* IED കുട്ടികളുടെ പഠന പിന്തുണാ സംവിധാനം മെച്ചപ്പെടുത്തുക

* വിദ്യാലയങ്ങളിൽ കുട്ടികളുടെ - പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുന്ന - തിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

# സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി

സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും തുല്യതയിലൂന്നിയുള്ള ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ പദ്ധതിയാണിത്.

## ലക്ഷ്യങ്ങൾ

1. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തുക
2. സ്കൂൾ SRGകൾ വഴി സമയബന്ധിതമായി അക്കാദമിക പ്രവർത്തനം ആസൂത്രണം ചെയ്യുക
3. കുട്ടികൾക്കു വേണ്ട പഠനപിന്തുണാ പരിപാടി സംഘടിപ്പിക്കുക

4. ഭിന്നശേഷി കുട്ടികൾ, പ്രത്യേക പരിഗണന അർഹിക്കുന്നവർ എന്നിവർക്കുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക

5. നിരന്തര മൂല്യനിർണയ പ്രക്രിയ കാര്യക്ഷമമാക്കുക

6. വിദ്യാർത്ഥികൾക്കിടയിൽ ലഹരിവസ്തുക്കളുടെ ദുരുപയോഗവും ആസക്തിയും തടയാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക

7. കൂടുതൽ ശ്രദ്ധ വേണ്ട വിഷയങ്ങൾക്കുള്ള പഠനപരിപോഷണ പരിപാടികൾ നടപ്പിലാക്കുക.

# നിലവിലെ അവസ്ഥാ വിശകലനം

പി.ടി.എ, എസ്.എം.സി - എന്നിവ കൃത്യമായി കൂടുന്നുണ്ട്. എല്ലാ വെള്ളിയാഴ്ചയും ഉച്ചക്ക് 1:30 മുതൽ 2 വരെ SRG കൂടുന്നു. ദിനാചരണങ്ങൾ, ശുചീകരണ പ്രവർത്തനങ്ങൾ, മറ്റു സ്കൂൾ - പ്രവർത്തനങ്ങൾ എന്നിവയിൽ രക്ഷകർത്താക്കളുടെ പരമാവധി പിന്തുണ ലഭിക്കുന്നുണ്ട്. സ്കൂളിലെ ക്ലബ്ബ് പ്രവർത്തനങ്ങൾ എല്ലാം തന്നെ നന്നായി പുരോഗമിക്കുന്നു.

സ്കൂളിൽ ലൈബ്രറി പുസ്തകങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്. എല്ലാ വെള്ളിയാഴ്ചയും പുസ്തകങ്ങൾ എടുക്കുവാനും വായിക്കുവാനുമുള്ള അവസരം നൽകുന്നു. കൂടാതെ 3.30 മുതൽ 4 വരെ സർഗവേളയിലൂടെ കുട്ടികൾ വിവിധ പരിപാടികൾ അവതരിപ്പിക്കുകയും ചെയ്യുന്നു.

ക്ലാസ് പ്രവർത്തനങ്ങളുമായി
ബന്ധപ്പെട്ട് ലാബിന്റെ ഉപയോഗം, ലാബ്
ഉപകരണങ്ങൾ, ഫീൽഡ് ട്രിപ്പ്, പഠനയാത്ര
കൾ എന്നിവയിൽ എല്ലാ കുട്ടികളുടെയും
പങ്കാളിത്തം ഉറപ്പാക്കുന്നുണ്ട്. സംയുക്ത
ഡയറി, സചിത്രഡയറി എന്നിവ രക്ഷിതാ-
ക്കളുടെ പിന്തുണയോടുകൂടി നടപ്പി
ലാക്കുന്നുണ്ട്. ആഴ്ചയിൽ 3 ദിവസം, എല്ലാ
വിഷയങ്ങൾക്കും പ്രാധാന്യം നൽകികൊണ്ട്
അസംബ്ലി നടത്താറുണ്ട്. LSS പോലെ
യുള്ള മത്സര പരീക്ഷകൾ, കലാകായിക
പ്രവർത്തനങ്ങൾ, മേളകൾ എന്നിവയിൽ
കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരു-
ത്തുന്നുണ്ട്.

സ്കൂൾ പച്ചക്കറിത്തോട്ട-
ത്തിൽ കൃഷി ചെയ്യുന്ന വിഭവങ്ങൾ-
ഉൾപ്പെടുത്തി ഉച്ചഭക്ഷണം പോഷക
സമൃദ്ധം ആക്കാറുണ്ട്. ക്ലാസ് റൂമു-
കളിൽ ICT സാധ്യത പ്രയോജന
പ്പെടുത്തുന്നുണ്ട്.

# മികവ് പ്രവർത്തനം

## "MY ENGLISH"

ഇംഗ്ലീഷ് ഭാഷയിലെ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനു വേണ്ടി 'MY ENGLISH' എന്ന മികവ് പ്രവർത്തനം ഏറ്റെടുത്ത് നടപ്പിലാക്കാൻ തീരുമാനിച്ചു. ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കുക, നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന വാക്യങ്ങൾ communicative English ശൈലിയും ചേർത്ത് ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക എന്നിവയാണ് ഈ മികവ് പ്രവർത്തനങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നത്.

ഇതിനാവശ്യമായ പ്രവർത്തനങ്ങൾ ജൂൺ മുതൽ നടപ്പിലാക്കാൻ തീരുമാനിച്ചു. എല്ലാദിവസവും ഉച്ചക്ക് 1.30 മുതൽ 2 മണി വരെയുള്ള സമയം ഇതിനായി പ്രയോജനപ്പെടുത്തുന്നു.

# പദ്ധതി വിശദാംശങ്ങൾ

## വിഷയം:- മലയാളം

**ആമുഖം:-** കുട്ടികളുടെ ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി വിവിധങ്ങളായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല/സാമ്പത്തിക വിശകലന |
|---|---|---|---|
| കഥാവേള: വായിച്ചും, പറഞ്ഞും കേട്ട പുതിയ കഥകൾ ആശയച്ചോർച്ചയില്ലാതെ ചെറുസദസ്സിനു മുമ്പാകെ ഭാവാത്മക | * നിലവിലുള്ള പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ, വാങ്ങേണ്ട പുസ്തകങ്ങളുടെ List തയ്യാറാക്കൽ, class PTA യുമായി ചേർന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കൽ. ബാലമാസികകൾ - Sponser ചെയ്യിക്കൽ | June-മുതൽ | ക്ലാസ് അധ്യാപിക |

| | | | |
|---|---|---|---|
| മായി അവതരിപ്പിക്കുവാൻ എല്ലാ കുട്ടികൾക്കും അവസരം നൽകുക. | ക്ലാസിൽ വായനക്കൂട്ടം സംഘടിപ്പിക്കൽ, പുസ്തകങ്ങൾ ആകർഷകമായി ക്രമീകരിക്കൽ<br>* ചിത്രവായന | | |
| <u>വായനോത്സവം</u><br>* എല്ലാ കുട്ടികൾക്കും വായിക്കുന്നതിനാവശ്യമായ പുസ്തകശേഖരം ക്ലാസിൽ ഉണ്ടാക്കുക.<br>* വായനമൂലയിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുക | വായനോത്സവ ഉദ്ഘാടനം<br>* വെള്ളിയാഴ്ച പുസ്തകവിതരണം<br>* നവ മാധ്യമങ്ങളിൽ വായനാനുഭവം.<br>* ക്ലാസ് വായന ചാർട്ട് | June-march | Class Teacher |
| * ലഘുവായ സാഹിത്യകൃതികളിലൂടെ വായിക്കാനുള്ള കഴിവ് നേടുക | * | | |

| | | | |
|---|---|---|---|
| സംയുക്തഡയറി<br>സ്വന്തം അനുഭവങ്ങൾ ഭംഗിയിൽ പറയുവാനും എഴുതുവാനും കഴിയുന്നു. | * ഡയറിക്കുറിപ്പുകളുടെ ഘടന പരിചയപ്പെടുന്നു<br>- PTA യിൽ ഉല്പന്നത്തിന്റെ മികവ് രക്ഷിതാക്കളുമായി ചർച്ച ചെയ്യുന്നു<br>- വിലയിരുത്തുന്നു<br>- മികച്ചവ പങ്കു വെക്കുന്നു | June-March | class Teacher<br>രക്ഷിതാക്കൾ |
| Reader's Theatre<br>* ഭാഷയിലെ പഠനനേട്ടത്തിന് ശബ്ദവായന, ഭാവാത്മകവായന തുടങ്ങിയവ | → SRG യിലും PTA യിലും ആശയം പങ്കിടൽ<br>→ ശില്പശാല<br>→ തിരഞ്ഞെടുത്ത പാഠഭാഗങ്ങൾ, ബാലസാഹിത്യ കൃതികൾ എന്നിവ അവതരിപ്പിക്കുന്നു | | |

| | | | |
|---|---|---|---|
| | * വിഭവങ്ങളുടെ - പൊതു അവതരണം | June-March | Class Teacher PTA |
| **രചനോത്സവം**<br>രചനാത്മക ശേഷികളിൽ വൈവിധ്യ- മാർന്ന തലങ്ങൾ ഉപയോഗപ്പെ ടുത്തുന്നു | → പ്രതിമാസ രചനോത്സവം<br>→ രചനകൾ പ്രസിദ്ധീകരിക്കൽ<br>→ വ്യക്തിഗത രചനകൾ പ്രസിദ്ധീകരിക്കൽ | June-March | Class Teacher |
| **ഭാഷോത്സവം**<br>ഭാഷാപഠനം അനുഭവാ ധിഷ്ഠിത- മാക്കുന്നു. | → SRG-യിൽ ആസൂത്രണം<br>→ PTA-യിലെ അവതരണം<br>→ ഭാഷോത്സവത്തിന് അവതരിപ്പിക്കേണ്ട വിഭവ- ങ്ങൾ list ചെയ്യുന്നു<br>* പ്രദർശനത്തിനുള്ള ഇനങ്ങളൊരുക്കം | January - March | Class Teacher, |

| | | | |
|---|---|---|---|
| | → സാമൂഹ്യ പക്വത ഉണ്ടാകുന്നു | | |
| രചനാ പരിചയക്കുറിപ്പ് | | | |
| * ഒരു രചന കൂടെ വായന പൂർണ്ണമാകുന്നത് അതിനോട് പല രീതിയിൽ പ്രതികരിക്കുമ്പോഴാണ്. അത്തരത്തിലുള്ള പല പ്രതികരണങ്ങളുടെ രൂപങ്ങളിൽ ഒന്നാണ് രചനാപരിചയക്കുറിപ്പ് | → പ്രതികരിക്കുമ്പോൾ വായനക്കാരന് രചനയെക്കുറിച്ച് ആഴത്തിൽ ചിന്തിക്കേണ്ടിവരും<br>→ ആസ്വാദനക്കുറിപ്പ് ന പകരമായി വായിച്ച പുസ്തകത്തെക്കുറിച്ച് ഒരു ഏകദേശ ധാരണ കിട്ടികഴിയുമ്പോൾ തയ്യാറാക്കുന്നതാണ് രചനാപരിചയക്കുറിപ്പ് | June-March | Class Teacher |

# വിഷയം:-ഗണിതം

**ആമുഖം:-** ഗണിതകഥകളിലൂടെയും പാട്ടുകളിലൂടെയും ആശയങ്ങൾ താൽപര്യത്തോടെ മനസിലാക്കുന്നതിനും വിവരസാങ്കേതിക വിദ്യ ഗണിത പഠനത്തിൽ ഉൾപ്പെടുത്തി ഗണിത പഠനം കൂടുതൽ ആസ്വാദ്യകരമാക്കുന്നതിനും സഹായിക്കുന്നു.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ഗണിതചിന്താശേഷികൾ വളർത്തൽ | കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടുത്തൽ | ആഴ്ചയിൽ ഒന്നുവീതം | Class Teacher |
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയൽ | ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം | October | 〃 |

| | | | |
|---|---|---|---|
| കളികളിലൂടെയുള്ള ഗണിത പഠനം | വ്യത്യസ്തങ്ങളായ പഠനോപകരണങ്ങൾ നൽകി ഗണിത കുതിപ്പിന് ഉതകുന്ന പ്രവർത്തനം dice കളി, കച്ചവടകളി | June - March | ,, |
| ക്ലോക്ക് നോക്കി സമയം തിരിച്ചറിയുന്നതിന് | ക്ലോക്കിലെ വ്യത്യസ്തങ്ങളായ സൂചികൾ, അവയുടെ ഉപയോഗം എന്നിവ പരിചയപ്പെടുന്നു | Sep - March | ,, |

# വിഷയം :- പരിസരപഠനം

**ആമുഖം** :- പ്രകൃതിയെ മനസിലാക്കുന്നതിനും ആസ്വദിക്കുന്നതിനും ആരോഗ്യകരമായ ആഹാരശീലങ്ങൾ പിന്തുടരുന്നതിനും ശുചിത്വബോധ്യം വ്യക്തിശുചിത്വവും ഉള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിനും നിരീക്ഷണ പരീക്ഷണങ്ങളിലൂടെ പുതിയ അറിവുകൾ സ്വായത്തമാക്കുന്നതിനും പരിസരപഠനം സഹായിക്കുന്നു.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചു[illegible] |
|---|---|---|---|
| → പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം<br>പച്ചക്കറിത്തോട്ടം<br>ഔഷധസസ്യത്തോട്ട നിർമ്മാണം | June-March | class teacher<br>PTA |
| → ശാസ്ത്ര അവബോധം വളർത്തുക | ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>കുറിപ്പ് തയ്യാറാക്കും | " | " |

| | | | |
|---|---|---|---|
| പ്രകൃതി നടത്തം | → പ്രകൃതി നടത്തം<br>നിരീക്ഷണത്തിലൂടെ അറിവു നിർമ്മാണം നടത്തുന്നു | ആവശ്യാനുസരണം | class Teacher<br>H.M |
| ആഹാര ശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിയുക | → ഭക്ഷ്യമേള<br>→ നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകം | June, July August | class Tr |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | → ശാസ്ത്രപ്രതിഭകളെ പരിചയപ്പെടൽ<br>→ ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ | ആവശ്യാനുസരണം | class Teacher |

# Subject :- English

Introduction:- To achieve the proficiency in the English language as the world language.

| Learning outcomes | Activities | Tenure | Responsibility |
| --- | --- | --- | --- |
| English Assembly<br>To achieve the ability to read and write to all children effectively. | → The English Assembly is conducted a day in a week. | June-March | class Teacher. |
| Creating a atmosphere of English learning | → English publications and reading cards are effectively | ,, | ,, |

| | | | |
|---|---|---|---|
| | utilize to in class teacher. | | |
| My English World' <br> To increase the English Phrasing and promoted communicative English | → Five words introduces in a day <br> * Introducing a communicative English Sentence in a week | June-March | All teachers |

# വിഷയം :- കലാ-കായിക പ്രവൃത്തി പരിചയ പഠനം

**ആമുഖം :-** പഠനം ആസ്വാദ്യകര-മാക്കുന്നതിനു വേണ്ടിയും കുട്ടികൾക്ക് കലാരംഗത്തും നിർമ്മാണ രംഗത്തും കായികരംഗത്തും മികവുറ്റ പ്രതിഭകളെ സൃഷ്ടിക്കുവാനും കുട്ടികളിൽ ശാരീരിക ചാലക വികാസം വളർത്തുന്നതിനു സഹായിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| സുംബാ ഡാൻസ്:- കായികക്ഷമത ഉറപ്പുവരുത്തൽ | → ആഴ്ചയിലൊരു ദിവസം ക്ലാസിൽ സുംബാ ഡാൻസ് പരിശീലിപ്പിക്കും | June - March | Class Teacher |

| | | | |
|---|---|---|---|
| [ക]ളികളിൽ ഏർപ്പെടൽ<br>* ശാരീരിക ചാലക ശേഷി കൈവരിക്കുന്നു. | → വിവിധങ്ങളായ കളികളിൽ ഏർപ്പെടുന്നു അസംബ്ലിയിൽ വ്യായാമമുറകൾ പരിചയപ്പെടുന്നു | June-March | class Teacher |
| പാട്ടരങ്ങ്<br>കലാപഠനത്തിലൂടെ പ്രവർത്തനങ്ങൾ ആസ്വാദകരമാക്കുന്നു. | → പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് പാട്ടരങ്ങ് അവതരിപ്പിക്കുന്നു<br>→ പ്രാദേശികമായി ലഭ്യമായ മെറ്റീരിയലുകൾ ഉപയോഗിച്ച് സംഗീതോപകരണങ്ങൾ തയ്യാറാക്കുന്നു | June-March | 1, 2 ക്ലാസ്സുകളിലെ Teachers |
| നിർമ്മാണപ്രക്രിയകളിൽ ഏർപ്പെടുന്നു | → പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട നിർമ്മാണങ്ങളിൽ ഏർപ്പെടൽ. | June-March | Class Teacher |

# പ്രതീക്ഷിത നേട്ടങ്ങൾ

* വിശാലമായ അറിവ് നിർമ്മാണവും അറിവിന്റെ പ്രയോഗവും സാധ്യമാകുന്നു.
* വൈജ്ഞാനികവും വൈജ്ഞാനേതരവുമായ നൈപുണികളുടെ വികാസം
* സ്കൂളിനെ സമൂഹവുമായി ബന്ധിപ്പിക്കുന്നു.
* സ്കൂളിലേക്ക് പുതിയ കുട്ടികളെ ആകർഷിക്കുന്നു
* ഉയർന്ന പഠനനിലവാരം ഉറപ്പാക്കുന്നു
* അടിസ്ഥാന ഭാഷാശേഷികൾ ഉറപ്പിക്കുന്നു
* ലഹരി, കുറ്റകൃത്യങ്ങൾ, സോഷ്യൽമീഡിയയുടെ അമിത ഉപയോഗം എന്നിവയുടെ അതിപ്രസരത്തിൽ നിന്നും കുട്ടികളെ സുരക്ഷിതരാക്കുന്നു
* സമൂഹത്തിനു മുൻപിൽ കുട്ടികൾ നേടിയ ശേഷികൾ പ്രദർശിപ്പിക്കുന്നു.

# ഉപസംഹാരം

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം
ഉറപ്പാക്കി കൊണ്ട് വിദ്യാലയങ്ങളെ-
മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതി
നായി ഓരോ കുട്ടികളുടെയും അറിവു-
കളും കഴിവുകളും പരിപോഷിപ്പിക്കുന്ന
തിനായി വളർന്നു കൊണ്ടിരിക്കുന്ന
ഈ അക്കാദമിക മാസ്റ്റർപ്ലാൻ-
സമർപ്പിച്ചു കൊള്ളുന്നു. . . . . . .